# കേരള കാർഷിക സർവ്വകലാശാല

## സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി

## പെരുമ്പാവൂർ,ഏറണാകുളം ജില്ല

ടെലിഫോൺ 9447163891; ഇ മെയിൽ: amprs@kau.in; വെബ്സൈറ്റ്: http://amprs.kau.in


AMPRS/1060/2025-A1(iii) തീയതി :10.06.2025

**ക്വട്ടേഷൻ നോട്ടീസ് (ഔഷധസസ്യം, കുൺ കൃഷി, വളമിശ്രിതം ഉണ്ടാക്കൽ, സംബന്ധിച്ച ജോലികൾ)**

ഓടയ്ക്കാലി സുഗന്ധതൈല ഔഷധസസ്യഗവേഷണ കേന്ദ്രത്തിൽ 2025 ജൂലൈ മുതൽ 2026 ജൂൺ വരെയുള്ള ഒരു വർഷ കാലയളവിൽ താഴെപറയുന്ന പണികൾ, നിർദ്ദിഷ്ട നിബന്ധനകൾ അനുസരിച്ച് ചെയ്തുതരുന്നതിന് താൽപര്യമുള്ള സ്ത്രീ/പുരുഷ കരാറുകാരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. സ്ത്രീ തൊഴിലാളികളെ മാത്രമേ ജോലിയ്ക്ക് നിയോഗിക്കുകയുള്ളു.

ക്വട്ടേഷനുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകാഫോമിൽ 18.06.2025 പകൽ 2.30 മണിക്കു മുൻപായി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ 18.06.2025 പകൽ 3.00 ന് തുറക്കുന്നതായിരിക്കും.

ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യപേജ്, പാൻ എന്നിവയുടെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ക്വട്ടേഷനോടൊപ്പം വയ്ക്കണം. പേര്, അഡ്രസ്സ് എന്നിവയുടെ തെളിവ് മേൽപ്പറഞ്ഞ രേഖകളിൽ ഉണ്ടായിരിക്കണം.

**ജോലികൾ**

1. ഔഷധ സസ്യങ്ങളിൽ നിന്നും വിത്ത് ശേഖരിക്കൽ, വിത്ത് പാകൽ, തൈകൾ നടീൽ
2. ലോൺ പരിപാലിക്കൽ, ഔഷധ വൃക്ഷങ്ങൾക്കിടയിലെ ലോൺ ഇടവിളച്ചെടികൾ എന്നിവ പരിപാലിക്കൽ
3. ഔഷധ ചെടിയുടെ തടം ഒരുക്കൽ, പുതവയ്ക്കൽ
4. കുൺ കൃഷി അനുബന്ധ ജോലികൾ
5. രാസ വളമിശ്രിതം ഉണ്ടാക്കി പായ്ക്ക് ചെയ്യൽ

**നിബന്ധനകൾ**

- ജോലികൾ ചെയ്യുന്നതിന് ഒരു ദിവസത്തെ ജോലിക്ക് ഒരു സ്ത്രീതൊഴിലാളിക്ക് ആവശ്യമായ തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
- ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന തരത്തിൽ ജോലി നടത്തേണ്ടതാണ്. ജോലിക്കു ഹാജരാകുന്ന ഏതൊരാളുടേയും ജോലി തൃപ്തികരമല്ലെങ്കിൽ ടിയാളെ ജോലിയിൽനിന്നും മാറ്റിനിർത്താനുള്ള അധികാരം സ്റ്റേഷൻ മേധാവിക്കുണ്ടായിരിക്കുന്നതാണ്.
- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിയുടെ ക്വട്ടേഷൻ തൃപ്തികരമെന്നു തോന്നിയാൽ മാത്രം സ്വീകരിക്കുന്നതും ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കുടാതെ നിരാകരിക്കുന്നതിനുള്ള അവകാശം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമാണ്.
- കരാർ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി 2 ദിവസത്തിനുള്ളിൽ 1000/- രൂപ (ആയിരം രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കുകയും നിബന്ധനകൾ ഉൾക്കൊള്ളുന്ന ധാരണാപത്രം 200/- രൂപ മുദ്രപത്രത്തിൽ ഒപ്പിട്ടു നൽകുകയും ചെയ്യണം.സെക്യൂരിറ്റി തുക കരാർ കാലാവധിക്കുശേഷം ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്കുവിധേയമായി തിരിച്ചുകൊടുക്കുന്നതാണ്.

- ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി ഫാമിൽ നിന്നും നിർദ്ദേശിക്കുന്ന രീതിയിൽ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ ജോലികൾ ചെയ്തു തരേണ്ടതാണ്.
- രാവിലെ 8 മണി മുതൽ 1 മണി വരെയും 2 മണി മുതൽ 5 മണി വരെയും ആയിരിക്കും ജോലിസമയം. 1 മുതൽ 2 വരെയുള്ള ഇട സമയം ഉച്ച ഭക്ഷണ സമയമായിരിക്കും.
- ഫാമിൽനിന്നും നിർദ്ദേശിച്ച് അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലും നിരീക്ഷണത്തിലും ആയിരിക്കും ജോലി ചെയ്യേണ്ടത്.
- ഓരോ ജോലിക്കും തൊഴിൽ വൈദഗ്ധ്യമുള്ള ആരോഗ്യമുള്ള 18 നും 60 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളെ വേണം ജോലിക്ക് ഹാജരാക്കുവാൻ.
- ഔഷധ സസ്യങ്ങളെയും വിത്തും തിരിച്ചറിയാനുള്ള പരിചയം ഉണ്ടായിരിക്കണം, ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം.
- ഓരോ ദിവസത്തേയ്ക്കും ആവശ്യപ്പെടുന്നയത്ര തൊഴിലാളികളെ (4 മുതൽ 6 വരെ തൊഴിലാളികൾ അടങ്ങുന്ന ഗ്രൂപ്പ്) ജോലിക്ക് എത്തിക്കാൻ കരാറുകാരൻ /കരാറുകാരി ബാദ്ധ്യസ്ഥയാണ്. അല്ലാത്ത പക്ഷം മുന്നറിയിപ്പു കൂടാതെ തന്നെ കരാർ റദ്ദാക്കാവുന്നതും കരാറുകാരുടെ സെക്യൂരിറ്റി തുക സർവ്വകലാശാലയിലേയ്ക്ക് മുതൽകൂട്ടുന്നതുമായിരിക്കും.
- ഒരു നിശ്ചിത ജോലി തീർന്നാൽ പണിക്കൂലിക്കായി വൗച്ചർ നൽകേണ്ടതും, പ്രസ്തുത വൗച്ചർ ഓഫീസിലെ നടപടി ക്രമങ്ങൾക്കാവശ്യമായ ന്യായമായ സമയത്തിനുശേഷം മാറി ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി നൽകുന്നതുമായിരിക്കും.
- ജോലിക്ക് ആവശ്യമായ ആയുധങ്ങൾ ക്വൊട്ടേഷൻ ലഭിക്കുന്ന വ്യക്തി തന്നെ കൊണ്ടുവരേണ്ടതാണ്.
- ജോലിക്ക് വരുന്നവർക്കുവേണ്ട ഭക്ഷണവും കുടിവെള്ളവും അവരവർ തന്നെ കൊണ്ടു വരണം.
- ജോലിസമയത്ത് ജോലികൾ ഏറ്റെടുക്കുന്നവർക്കോ അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കോ ജോലിക്കിടയിലോ മറ്റുസമയങ്ങളിലോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
- ജോലിക്കിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല.
- തൊഴിലാളികൾക്കാവശ്യമായ ഇൻഷുറൻസ് പരിരക്ഷ കരാറുകാരന്റെ/കരാറുകാരിയുടെ ചുമതലയായിരിക്കും.
- കരാറുകാരുടെയും അവർ ലഭ്യമാക്കുന്ന സ്ത്രീ തൊഴിലാളികളുടെയും കൃത്യവിലോപം, അശ്രദ്ധ മുതലായവ മൂലം ഫാമിനുണ്ടാവുന്ന നഷ്ടങ്ങൾക്ക് കരാറുകാർ തന്നെ ഉത്തരവാദി ആയിരിക്കുന്നതും ആ നഷ്ടം കരാറുകാരൻ/കരാറുകാരിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
- സ്റ്റേഷൻ മേധാവിക്ക് ആവശ്യമാണെന്നു തോന്നുന്ന ജോലികൾ ചെയ്യിക്കുന്നതിന് മറ്റു തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.
- ഇപ്രകാരം ജോലി ഏറ്റെടുക്കുന്ന കരാറുകാരൻ /കരാറുകാരിക്കോ തൊഴിലാളികൾക്കോ സർവ്വകലാശാല യുടെ തുടർന്നുള്ള നിയമനങ്ങളിൽ യാതൊരുവിധ മുൻഗണനകളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല.
- സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ആദായനികുതി നിരക്കുകൾ ജോലികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽനിന്നും ഈടാക്കുന്നതാണ്. (നിലവിലുള്ള നിരക്ക്: 1% നികുതി)
- സർക്കാർ ക്വൊട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വൊട്ടേഷനും ബാധകമായിരിക്കും.
- കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്.

(ഒപ്പ്)

ഡോ. ആൻസി ജോസഫ്

പ്രൊഫസർ ആന്റ് ഹെഡ്

PROFESSOR ...
Aromatic & Medicinal Plants
Research Station
(Kerala Agricultural University)

പകർപ്പ്: website, നോട്ടീസ് ബോർഡ് (ഫാം ഓഫീസ്, സെയിൽസ് സെന്റർ, ഓഫീസ്)
പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷി ഭവൻ നോട്ടീസ് ബോർഡുകൾ, ഫാം സുപ്രണ്ട്.

സുഗന്ധതൈല ഔഷധസസ്യ ഗവേഷണകേന്ദ്രം, ഓടയ്ക്കാലി, 10.06.2025 തീയതിയിലെ AMPRS/1060/2025-A1 നമ്പർ ക്വൊട്ടേഷൻ നോട്ടീസ് പ്രകാരം സമർപ്പിക്കുന്ന ക്വട്ടേഷൻ

| പാസ്പോർട്ട് സൈസ് ഫോട്ടോ |
|---|

1. പേര് :

2. അഡ്രസ്സ് :

3. മൊബൈൽ നമ്പർ :

| ജോലി | ആവശ്യപ്പെടുന്ന തുക |
|---|---|
| 1. നഴ്സറി ജോലികൾ ക്വട്ടേഷൻ നോട്ടീസ് **AMPRS/1060/2025-A1(i)** | ഒരു ദിവസത്തെ ജോലിക്ക് ഒരു സ്ത്രീതൊഴിലാളിക്ക് .......... രൂപ |
| 2. കൃഷിയിട പണികൾ ക്വട്ടേഷൻ നോട്ടീസ് **AMPRS/1060/2025-A1(ii)** | ഒരു ദിവസത്തെ ജോലിക്ക് ഒരു സ്ത്രീതൊഴിലാളിക്ക് .......... രൂപ |
| 3. ഔഷധസസ്യം, കുൺ കൃഷി, വളമിശ്രിതം ഉണ്ടാക്കൽ, സംബന്ധിച്ച ജോലികൾ ക്വട്ടേഷൻ നോട്ടീസ് **AMPRS/1060/2025-A1(iii)** | ഒരു ദിവസത്തെ ജോലിക്ക് ഒരു സ്ത്രീതൊഴിലാളിക്ക് .......... രൂപ |

ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ കോപ്പി, പാൻ കാർഡ് എന്നിവയുടെ കോപ്പി ക്വട്ടേഷനോടൊപ്പം സമർപ്പിക്കുന്നു.

*പേര്, അഡ്രസ്സ് എന്നിവയുടെ തെളിവ് മേൽപ്പറഞ്ഞ രേഖകളിൽ ഉണ്ട്.*

സ്ഥലം : ഒപ്പ്

തീയതി : പേര്